**ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' പരിഷ്കരണ നടപടി

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന പരിഷ്കരണ നടപടിയുമായി മുന്നോട്ടുനീങ്ങാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയും അതിന് മുന്നോടിയായി വേണ്ട ഭരണഘടനാ-നിയമ ഭേദഗതികൾ ശിപാർശ ചെയ്യാനായി ഒരു ഉന്നതതല സമിതിയെ നിയമിക്കുകയും ആ സമിതി തയ്യാറാക്കിയ റിപ്പോർട്ട് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാലും;

ഇന്ത്യ സ്വാതന്ത്ര്യം നേടിയശേഷം ഒരു ബഹുകക്ഷി ജനാധിപത്യ വ്യവസ്ഥ രാജ്യത്ത് ശക്തിപ്പെട്ടുവരികയും അതിന്റെ ഫലമായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വിവിധ കക്ഷികൾ അധികാരത്തിൽ വരികയും ഒരേ സമയത്തുതന്നെ വ്യത്യസ്ത നിലപാടുകളുള്ള രാഷ്ട്രീയ കക്ഷികൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്ത്

നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വൈവിധ്യങ്ങളുടെ പ്രതിഫലനമായാണ് ലോകമാകെയുള്ള ജനാധിപത്യ വിശ്വാസികൾ അതിനെ കണ്ടിട്ടുള്ളത് എന്നതിനാലും;

എന്നാൽ, ആ വൈവിധ്യങ്ങളെയാകെ അപ്രസക്തമാക്കുമാറ്, എല്ലാ നിയമസഭാ-തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പുകളും ലോക്സഭാ തിരഞ്ഞെടുപ്പിനൊപ്പം നടത്താൻ ഒരുങ്ങുകയും അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ, അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത്, 5 വർഷം പൂർത്തിയാക്കാത്ത നിയമസഭകളുടെ കാലാവധി വെട്ടിച്ചുരുക്കാനുള്ള നിർദേശമാണ് ഉന്നതതല സമിതി മുമ്പോട്ടുവച്ചിരിക്കുന്നത്. അടുത്ത ഘട്ടമെന്നോണം പാർലമെന്റിന്റെ കാലാവധിയോടും പാർലമെന്റ് തിരഞ്ഞെടുപ്പിനോടും ചേർന്ന് നിൽക്കുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധികൂടി ഇത്തരത്തിൽ വെട്ടിച്ചുരുക്കാമെന്നും നിർദേശിക്കുകയും ചെയ്തിട്ടുള്ളതിനാലും;

ഈ നടപടി സംസ്ഥാന സർക്കാരുകളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും തിരഞ്ഞെടുത്ത ജനങ്ങളോടുള്ള അവഹേളനവും പൂർണ്ണ

കാലാവധിയിലേയ്ക്ക് തങ്ങളുടെ സർക്കാരുകളെ തിരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളുടെ നഗ്നമായ ലംഘനവും ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കുള്ള പരമാധികാരത്തെ വെല്ലുവിളിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്താൻ ഭരണഘടനാപരമായി ചുമതലയുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾക്കുമേലും, അതുവഴി ഇന്ത്യയുടെ ഫെഡറൽ ഘടനയ്ക്കുമേലുമുള്ള കൈകടത്തൽകൂടി ആയതിനാലും;

അവിശ്വാസ പ്രമേയത്തിലൂടെ ഒരു സർക്കാർ പുറത്താക്കപ്പെടുകയും ഏതെങ്കിലും സംസ്ഥാന നിയമസഭ പിരിച്ചുവിടപ്പെടുകയും ചെയ്യപ്പെട്ടാൽ, ഇടക്കാല തിരഞ്ഞെടുപ്പിലൂടെ നിലവിൽ വരുന്ന നിയമസഭയ്ക്ക് പുറത്താക്കപ്പെടുകയോ പിരിച്ചുവിടപ്പെടുകയോ ചെയ്ത പൂർവ്വ സർക്കാരിന്റെ ശിഷ്ടകാലാവധി മാത്രമേ ഉണ്ടാകാവൂ എന്ന ഉന്നതതല സമിതിയുടെ ശിപാർശ, ചെലവ് ചുരുക്കാനാണ് തിരഞ്ഞെടുപ്പുകൾ ഒരേ സമയത്ത് നടത്തുന്നത് എന്ന വാദഗതിക്ക് തീർത്തും കടകവിരുദ്ധമായതിനാലും; പാർലമെന്റ്, നിയമസഭ, തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകളെ കേവലം ചെലവായി മാത്രം

കാണുന്നത് ജനാധിപത്യവിരുദ്ധമാണ്. ആ ജനാധിപത്യവിരുദ്ധ ചിന്താഗതിയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയത്തിൽ നിഴലിച്ച് നിൽക്കുന്നത്. ഇന്ത്യയുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വൈവിധ്യങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ഒരു കുത്സിത നീക്കമായി കൂടിയാണ് ഇത് വിലയിരുത്തപ്പെടുന്നത്. ചെലവ് ചുരുക്കാനും ഭരണം സുഗമമാക്കാനും മറ്റ് ലളിതമായ മാർഗ്ഗങ്ങൾ അവലംബിക്കാമെന്നിരിക്കെ, ഭരണഘടന അടിസ്ഥാന തത്വമായ ഫെഡറൽ സംവിധാനത്തെ തകർക്കുന്നതും സംസ്ഥാനങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നതും ജനങ്ങളുടെ പരമാധികാരത്തെ വെല്ലുവിളിക്കുന്നതുമായ ജനാധിപത്യവിരുദ്ധ പരിഷ്കരണ നടപടിയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയത്തിലൂടെ കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്നത് എന്നതിനാലും;

രാജ്യത്തെ തെരഞ്ഞെടുപ്പുകളാകെ ഒരേ സമയത്ത് നടത്താനുള്ള ശിപാർശ ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതും ഭരണഘടനാ മൂല്യങ്ങൾക്കെതിരുമാണ്. അത് അടിസ്ഥാനപരമായി ജനാധിപത്യവിരുദ്ധവും ഇന്ത്യയുടെ ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പാർലമെന്ററി

ജനാധിപത്യ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതുമാണ്. ജനാധിപത്യ വികേന്ദ്രീകരണം സാധ്യമാക്കുന്നതിന് പകരം അങ്ങേയറ്റത്തെ അധികാര കേന്ദ്രീകരണത്തിന് വഴിവയ്ക്കുന്നതാണിത്. രാജ്യത്ത് ഒരു കേന്ദ്രീകൃത യൂണിറ്ററി ഭരണസംവിധാനം യാഥാർഥ്യമാക്കാനുള്ള ആർ.എസ്.എസ്.-ബി.ജെ.പി. അജണ്ട നടപ്പാക്കാനുള്ള ശ്രമമാണ് ഇതിലൂടെ വ്യക്തമാകുന്നത് എന്നതിനാലും;

'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം നടപ്പാക്കുന്നത് രാജ്യത്തെ സംസ്ഥാന നിയമസഭകളുടെ അധികാര അവകാശങ്ങളെ ദുർബലപ്പെടുത്തുമെന്നും പ്രാദേശിക സർക്കാരുകളായി നിലകൊള്ളേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അപ്രസക്തമാക്കുമെന്നും, അങ്ങനെ, അധികാര വികേന്ദ്രീകരണത്തെ ശിഥിലമാക്കുമാറ് ജനാധിപത്യ സംവിധാനത്തിലെ ജനകീയ പങ്കാളിത്തത്തെ തന്നെ ഇല്ലാതാക്കുമെന്നും ഈ സഭ വിലയിരുത്തുന്നു.

ഇപ്പോൾ, അതിനാൽ, അടിസ്ഥാനപരമായി ജനാധിപത്യവിരുദ്ധമായ ഈ നീക്കത്തിൽനിന്ന് അടിയന്തരമായി പിന്തിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അംഗങ്ങൾക്ക് പ്രമേയത്തിന്മേൽ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ അവസാനത്തെ വരിയിലെ "ഘടനയ്ക്കു മേലും" എന്നതിനു പകരം "ഘടനയ്ക്കുമേലും" എന്നത് ചേർക്കുക.

2. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ആറാമത്തെ വരിയിലെ "സംസ്ഥാനങ്ങളുടെ" എന്നതിനു പകരം "സംസ്ഥാനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും" എന്നത് ചേർക്കുക.

അത്, സംസ്ഥാനങ്ങളുടെ മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാരം കവർന്നെടുക്കുന്നതാണ്. അതുകൊണ്ടാണ് ഭേദഗതി നിർദ്ദേശിച്ചത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ഏഴാമത്തെ വരിയിലെ "ഫെഡറൽ സംവിധാനത്തെ തകർക്കുന്നതും" എന്നതിനു ശേഷം "ആർട്ടിക്കിൾ 1-ൽ നിഷ്കർഷിച്ചിട്ടുള്ള 'ഇന്ത്യ' എന്നത് 'യൂണിയൻ ഓഫ് സ്റ്റേറ്റ്സ് ' എന്ന നിർവചനത്തിനെതിരും" എന്നത് കൂട്ടിച്ചേർക്കുക.

2. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

" ബഹു. സുപ്രീംകോടതി എസ്. ആർ. ബൊമ്മെ കേസിൽ ഭരണഘടന അനുസരിച്ചുള്ള സംസ്ഥാനങ്ങളുടെ സ്വതന്ത്രമായ നിലനിൽപ്പ് ഊന്നി പറഞ്ഞിട്ടുള്ളതിനാലും"

ഈ പ്രമേയത്തിന് ഒരു ലീഗൽ സ്റ്റേൻഡിംഗ് സുപ്രീംകോടതി ജഡ്ജ്മെന്റിലൂടെ ലഭിക്കുമെന്നുള്ളതുകൊണ്ടാണ് അത് കൂട്ടിച്ചേർത്താൽ നന്നായിരിക്കുമെന്ന് സൂചിപ്പിച്ചത്.

3. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതും" എന്നതിനു ശേഷം "ആർട്ടിക്കിൾ 83 (2), ആർട്ടിക്കിൾ 172 എന്നിവയ്ക്ക് ഘടകവിരുദ്ധവും" എന്നത് കൂട്ടിച്ചേർക്കുക.

ഭരണഘടനയുടെ സ്കീമിന് വിരുദ്ധമായി വരുന്നുവെന്നുള്ള നിയമപരമായ വീക്ഷണം പ്രമേയത്തിന് നൽകുന്നത് നന്നായിരിക്കും എന്നുള്ളതുകൊണ്ട് ഈ മൂന്ന് ഭേദഗതികളും നിർദേശിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ പ്രമേയത്തിന്റെ അന്തഃസത്തയോട് പൂർണ്ണമായും യോജിക്കുകയാണ്. പ്രമേയത്തിന്റെ ഘടന കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ചില നിർദേശങ്ങളാണ് മുന്നോട്ടുവയ്ക്കാനുള്ളത്.

താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "പരിഷ്കരണ നടപടിയുമായി" എന്നതിനു പകരം "സംഘപരിവാർ ആശയവുമായി" എന്നത് ചേർക്കുക.

ഇതൊരു പരിഷ്കരണമായി (reform) നമ്മൾതന്നെ അംഗീകരിച്ച് കൊടുക്കുന്നതിൽ അർഥമില്ല.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിലെ "തീരുമാനിച്ചിരിക്കുകയും" എന്നതിനു പകരം "തീരുമാനിക്കുകയും" എന്നത് ചേർക്കുക.

3. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "വേണ്ട" എന്നതിനു പകരം "ഇക്കാര്യത്തിന് ആവശ്യമായ" എന്നത് ചേർക്കുക.

4. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ "ഭരണഘടന-നിയമ" എന്നതിനു പകരം "ഭരണഘടനയും, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റ് നിയമങ്ങൾക്കും " എന്നത് ചേർക്കുക.

ഇത്തരത്തിൽ ഭേദഗതി വരുത്തുന്നതിലൂടെ പ്രമേയം കൂടുതൽ സ്പഷ്ടമാകും.

5. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "ചെയ്തിരിക്കുന്നതിനാലും" എന്നതിനു പകരം "ചെയ്തിരിക്കുന്നു" എന്നത് ചേർക്കുക.

6. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ ഏഴാമത്തെ വരിയിലെ "എന്നതിനാലും" എന്നത് ഒഴിവാക്കുക.

ഇവിടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ആവശ്യമില്ലാത്ത സ്ഥലങ്ങളിലെല്ലാം 'എന്നതിനാലും' എന്ന് പ്രയോഗിച്ചിരിക്കുകയാണ്. Whereas, being തുടങ്ങിയ പ്രയോഗങ്ങൾ മലയാളത്തിൽ അതുപോലെ പരിഭാഷപ്പെടുത്തേണ്ടതില്ല. അവിടെ അത്തരം വാക്കുകൾ ഒഴിവാക്കുന്നതാണ് ഭംഗി. ഭാവിയിൽ ഇത് ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തുമ്പോൾ ആ വാക്കുകൾ പ്രയോഗിക്കാവുന്നതാണ്. ഇവിടെ മലയാളത്തിലാണ് പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്.

7. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ "നടത്താൻ ഒരുങ്ങുകയും അതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ" എന്നതിനു പകരം "നടത്തുവാൻ വേണ്ടി" എന്നത് ചേർക്കുക.

8. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ എട്ടാമത്തെ വരിയിലെ "നിർദേശിക്കുകയും ചെയ്തിട്ടുള്ളതിനാലും" എന്നതിനു പകരം "നിർദേശിക്കുന്നു" എന്നത് ചേർക്കുക.

9. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡിക ഒഴിവാക്കുക.

ഒരു തിരഞ്ഞെടുപ്പിൽ പൂർണ്ണ കാലാവധിയിലേയ്ക്ക് തങ്ങളുടെ സർക്കാരുകളെ തിരഞ്ഞെടുക്കാൻ വോട്ടർമാർക്ക് അവകാശം കൊടുക്കുന്നില്ല എന്നുള്ളതാണ് നാലാമത്തെ ഖണ്ഡികയിൽ പറയുന്നത്. 2029-ന് മുമ്പ് നടക്കുന്ന തിരഞ്ഞെടുപ്പുകൾ നിയമസഭകളുടെ കാലാവധി വെട്ടിച്ചുരുക്കുമെന്നാണ് പറയുന്നത്. ഉദാഹരണത്തിന്, കേരളത്തിൽ 2026-ൽ തിരഞ്ഞെടുപ്പ് നടന്നാൽ 2029-ൽ വീണ്ടും നമുക്ക് പാർലമെന്റ് തിരഞ്ഞെടുപ്പിലേയ്ക്ക് പോകേണ്ടിവരും. 2026-ൽ വോട്ട് ചെയ്യുന്ന വോട്ടർമാർക്ക്, കാലാവധി പൂർത്തീകരിക്കുന്ന അംഗങ്ങളെ തിരഞ്ഞെടുക്കാൻ അവകാശം നൽകുന്നില്ല എന്നാണ് ഈ ഖണ്ഡികയിൽ പറയുന്നത്. കേവലം റെഗുലേറ്റ് ചെയ്യാൻവേണ്ടി ഒറ്റതവണ മാത്രം നടത്തുന്ന എക്സർസൈസാണിതെന്ന് കേന്ദ്ര സർക്കാരിൽനിന്ന് വിമർശനം വരാൻ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള

ദുർബലമായ കാര്യങ്ങളാണ് നമ്മുടെ പ്രമേയത്തിലുള്ളത് എന്ന ധാരണ വരാതിരിക്കാൻ ആ ഖണ്ഡിക ഒഴിവാക്കുന്നതായിരിക്കും ഉചിതം.

10. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ ആറാമത്തെ വരിയിലെ "കടകവിരുദ്ധമായതിനാലും" എന്നതിനു പകരം "കടകവിരുദ്ധമാണ്" എന്നത് ചേർക്കുക.

11. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ പതിനൊന്നാമത്തെ വരിയിലെ "എന്നതിനാലും" എന്നത് ഒഴിവാക്കുക.

ഇതും ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയപ്പോൾ സംഭവിച്ച പ്രശ്നമായിരിക്കാനാണ് സാധ്യത.

12. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ ഒൻപതാമത്തെ വരിയിലെ "എന്നതിനാലും" എന്നതിനു പകരം "പാർലമെന്റ് തിരഞ്ഞെടുപ്പിലും, നിയമസഭാ തിരഞ്ഞെടുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുകളിലും ചർച്ചചെയ്യപ്പെടുന്നതും, ചർച്ച ചെയ്യപ്പെടേണ്ടതും തീർത്തും വ്യത്യസ്തമായ വിഷയങ്ങളാണ്. പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ചർച്ചയ്ക്ക് മാത്രം മേൽക്കൈ ലഭിക്കുകയും നിയമസഭ, തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുകൾ

അപ്രസക്തമാകുകയും ചെയ്യുന്നത് രാജ്യത്തിന്റെ വൈവിധ്യങ്ങളോടും, ഫെഡറലിസത്തോടുമുള്ള വെല്ലുവിളിയാണ്." എന്നത് ചേർക്കുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളല്ല പാർലമെന്റ് തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യുന്നത്. അതുകൊണ്ട് അക്കാര്യങ്ങൾ ഇതിൽ വ്യക്തമായി പറയണം. പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ബഹളത്തിനിടയിൽ അവരുടെ രാഷ്ട്രീയം മാത്രം ചർച്ച ചെയ്യപ്പെടുകയും ബാക്കിയെല്ലാതലങ്ങളിലും ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ ഒഴിവാക്കപ്പെടുകയും ചെയ്താൽ ആ തിരഞ്ഞെടുപ്പുകളിലെല്ലാം അവർക്ക് വിജയം ലഭ്യമാകുമെന്നാണ് അവർ വിശ്വസിക്കുന്നത്. ഇതാണ് അവരുടെ ഉദ്ദേശ്യം. പക്ഷേ ഇത് രാജ്യത്തിന്റെ ഫെഡറൽ സ്വഭാവത്തിന് എതിരാണ്. ശക്തമായ സ്റ്റേറ്റും സെന്ററും ഫെഡറൽ സംവിധാനത്തിൽ അത്യാവശ്യമാണ്. അതാണ് ഭരണഘടന പറയുന്നത്. അതിലേയ്ക്ക് വരണമെങ്കിൽ ഈ ആശയത്തിനെതിരായി അതിശക്തമായ നിലപാടുണ്ടാകണം.

13. പ്രമേയത്തിലെ ഒൻപതാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ഇപ്പോൾ" എന്നത് ഒഴിവാക്കുക.

ഈ പ്രമേയത്തെ പൂർണ്ണമായും അംഗീകരിക്കുന്നു. ഇവിടെ അവതരിപ്പിച്ച ഭേദഗതികൾ സ്വീകരിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യരായ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളെല്ലാം പൊതുവെ ഈ പ്രമേയത്തിന്റെ അന്തഃസത്തയോട് യോജിച്ചുപോകുന്നതാണ്. ഈ ഭേദഗതികളുടെയെല്ലാം ഉള്ളടക്കം പ്രമേയത്തിൽ വന്നിട്ടുമുണ്ട്. എന്നാൽ ചില ഭേദഗതികൾ പ്രമേയത്തിന്റെ ഘടനയെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ്.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1, 2 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2, 3, 4, 13 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ശ്രീമതി കെ. കെ. രമയുടെ 1, 2 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീന്റെ 2, 3, 4, 13 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ മറ്റ് ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ......................

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.